# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 306

06.01.2014-ലെ മറുപടിക്ക്

### ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ ജയിലിലെ ഫോൺ വിളി

ചോദ്യം

മറുപടി

ശ്രീ.ബി.സത്യൻ

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സുപ്രീം കോടതി അഴിമതി കേസിൽ ശിക്ഷിച്ചതിനെ തുടർന്ന് തിരുവനന്തപുരത്തെ പൂജപ്പുര സെൻട്രൽ ജയിലിൽ ശ്രീ.ആർ.ബാലകൃഷ്ണപിള്ള എത്ര ദിവസം കിടന്നിരുന്നു; | എ) പൂജപ്പുര സെൻട്രൽ ജയിലിൽ 91 ദിവസം. കിംസ് ആശുപത്രിയിൽ 88 ദിവസം, അവധിയിൽ പുറത്തുനിന്ന കാലം 75 ദിവസം. |
| ബി) പോലീസ് കസ്റ്റഡിയിൽ കഴിഞ്ഞ കാലയളവിൽ അദ്ദേഹം നിയമവിരുദ്ധമായി ഫോൺ ഉപയോഗിക്കുകയുണ്ടായോ; ഏതൊക്കെ ഫോൺ എത്ര ദിവസം ഉപയോഗിച്ചു; ഏതൊക്കെ ഫോണിൽനിന്ന് എത്ര കാളുകൾ വിളിക്കുകയുണ്ടായി; ഇതേ സമയം എത്ര കാളുകൾ അദ്ദേഹത്തിന്റെ ഫോണിലേക്ക് വന്നു; വിളിച്ചവരിൽ മന്ത്രി പദവിയിലുണ്ടായിരുന്നവർ ആരൊക്കെയായിരുന്നു; ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു; | ബി) മേൽ സുപ്രീം കോടതി വിധി പ്രകാരം ബാലകൃഷ്ണപിള്ള പോലീസ് കസ്റ്റഡിയിൽ കഴിഞ്ഞിട്ടില്ല. |
| സി) ഈ കാലയളവിൽ ശ്രീ.ആർ.ബാലകൃഷ്ണപിള്ള ഉപയോഗിച്ച ഫോൺ ജയിലിൽ എത്തിച്ചുകൊടുത്തത് ആരായിരുന്നുവെന്ന് അന്വേഷിക്കുകയുണ്ടായോ; | സി) ജയിലിൽ കഴിഞ്ഞ കാലയളവിൽ ഫോൺ ഉപയോഗിച്ചതായി കണ്ടെത്തിയിട്ടില്ല. |
| ഡി) ഫോൺ ചെയ്യുന്നതിനും ഫോൺ എത്തിച്ചുകൊടുക്കുന്നതിനും സഹായിച്ചതിന് ആർക്കെല്ലാം എതിരെ കേസുണ്ട്; അന്വേഷണം നടത്തുകയുണ്ടായി; | ഡി) ബാധകമല്ല. |
| ഇ) തടവിൽ കഴിയുന്ന ഒരാളെ ഫോണിൽ വിളിക്കുന്നതിന് മന്ത്രി പദവിയിലുള്ളവർക്ക് അവകാശം ഉണ്ടായിരുന്നുവോ? | ഇ) അവകാശമില്ല. |

സെക്ഷൻ ഓഫീസർ